"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - കാസർഗോഡ് ജില്ലാ ഭാഗ്യക്കുറി ഓഫീസിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി കരാർ വ്യവസ്ഥയിൽ വാഹനം വാടകയക്ക് എടുക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.1088/2025/TAXES തീയതി,തിരുവനന്തപുരം, 19-12-2025

---

പരാമർശം:-
1. 16.12.2016-ലെ സ.ഉ.(കൈ) നം106/2016/നി.വ.
2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 05.10.2025-ലെ SLTY/3120/2025-E6 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ കാസർഗോഡ് ജില്ലാ ഓഫീസിന് അടിയന്തര ആവശ്യങ്ങൾക്ക് വാഹനം വാടകയ്ക്കെടുക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരാറിൽ ഏർപ്പെട്ടിരുന്ന വാഹന ഉടമ കരാറിൽനിന്ന് പിൻമാറിയ സാഹചര്യത്തിൽ പുതിയ വാഹനം കരാർ വ്യവസ്ഥയിൽ വാടകയ്ക്ക് എടുക്കുന്നതിന് അനുമതി തേടി പരാമർശം (2) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ശിപാർശ ലഭ്യമാക്കുകയുണ്ടായി. സ്റ്റേഷനറി പർച്ചേയ്സുകൾക്കും, ജില്ലാ-സബ് ഓഫീസുകളിലെ ഔദ്യോഗിക സന്ദർശനങ്ങൾക്കും, ടിക്കറ്റ് ഡൈവേർഷനുമായി ബന്ധപ്പെട്ടും, സർക്കാരിന്റെ വിവിധ ഔദ്യോഗിക പരിപാടികളിൽ പങ്കെടുക്കുന്നതിനും വാഹനത്തിന്റെ ആവശ്യമുണ്ടെന്നും അതിനാൽ കാസർഗോഡ് ജില്ലാ ഭാഗ്യക്കുറി ഓഫീസിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി കരാറടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിനുള്ള അനുമതി നൽകണമെന്നും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലാ ഭാഗ്യക്കുറി ഓഫീസിന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി ₹40,000/- ൽ അധികമാകാത്ത പ്രതിമാസ വാടകയിൽ കരാറടിസ്ഥാനത്തിൽ പുതിയ വാഹനം വാടകയ്ക്ക് എടുക്കുന്നതിന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MANOJ K**

ജോയിന്റ് സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം

2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. ധനകാര്യ വകുപ്പ് (3319876/Exp.B1/571/2025-Fin പ്രകാരം)
4. വിവര പൊതുജന സമ്പർക്ക (വെബ്& ന്യൂ മീഡിയ) വകുപ്പ്
5. കരുതൽ ഫയൽ ( TAXES-H1/336/2025-TAXES)

Signed by
ഉത്തരവിൻ പ്രകാരം
Babu G
Date: 19-12-2025 12:00:34
സെക്ഷൻ ഓഫീസർ